You will be losing chances, that's all. Don't create problems. സ്വയം ഇങ്ങനെയൊന്നും ചെയ്യരുത്.

ശ്രീ. പി. ശങ്കരൻ: എറണാകുളം, കൊല്ലം. കോട്ടയം, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള Analytical laboratory- ൽ പരിശോധനകൾ നടത്തിവരികയാണ്. ഇതിനുപുറമെ മൈസൂരിലെ Centre for Technology and Research Institute- ലും ഇതിന്റെ സാമ്പിൾസ് നൽകിയിട്ടുണ്ട്. Accreditation ഉള്ള ഒരു സ്ഥാപനമാണ് അത്. അതുകൊണ്ട് ആ സ്ഥാപനത്തിന്റെ കൂടി റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കുകയാണ്. ഇപ്പോൾ ഒരു ഇടക്കാല റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത് കൊക്കക്കോളയുടെ പാനീയത്തിൽ കാഡ്മിയത്തിന്റെ അംശം ഇല്ലെന്നാണ്. ലെഡിന്റെ അംശം പരിധിക്കും താഴെയാണ്. Permissible limit 10 പി. പി. എം. ആണ്. ഇവിടെ ലഭിച്ചിട്ടുള്ള സാമ്പിൾസിൽ അത് .006-ഉം .028-ഉം ആണ്. കീടനാശിനിയുടെ പരിശോധനാഫലം 14-8-03-ൽ മാത്രമേ ലഭ്യമാവുകയുള്ളൂ.

(4) അമ്പതിനായിരം രൂപവരെയുള്ള ബാങ്ക് വായ്പകളിന്മേൽ റിസർവ് ബാങ്ക് പ്രഖ്യാപിച്ച ആനുകൂല്യം സംസ്ഥാനത്തെ കൃഷിക്കാർക്കുകൂടി ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ കാർഷികമേഖലയിലെ കൃഷിക്കാർ ഇപ്പോൾ ആകെ കഷ്ടത്തിലാണ്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ബാങ്കിൽ നിന്ന് എടുത്തപണം തിരിച്ചടയ്ക്കാൻ അവർക്ക് കഴിയുന്നില്ല. കൃഷിക്കാർ ആകെ ബുദ്ധിമുട്ടുകയാണ്. അപ്പോഴാണ് റിസർവ്വ് ബാങ്ക് ഗവർണ്ണറുടെ ഉത്തരവ് വന്നിട്ടുള്ളത്. 1998 മാർച്ച് വരെയുള്ള തിരിച്ചടയ്ക്കൽ, 25,000 രൂപവരെയുള്ള കടങ്ങൾ പലിശ ഒഴിവാക്കി അടച്ചുതീർക്കാനുള്ള ഡിസംബർ 22-ലെ റിസർവ് ബാങ്കിന്റെ ഉത്തരവും ഈ ആനുകൂല്യം 50,000 രൂപ വരെ കടം എടുത്തവർക്ക് ആക്കിക്കൊണ്ടുള്ള 2002 ഏപ്രിൽ ഒന്നിലെ ഉത്തരവും വച്ച് ഇന്ത്യയിൽ കേരളം ഒഴിച്ചുള്ള മുഴുവൻ സംസ്ഥാനങ്ങളിലെയും കൃഷിക്കാർക്ക് ഈ ആനുകൂല്യം ലഭിച്ചു. രണ്ട് ഉത്തരവിന്റെയും കോപ്പി എന്റെ കൈവശമുണ്ട്. എന്തുകൊണ്ടോ കേരളത്തിൽ മാത്രം ഈ ഉത്തരവുകൾ നടപ്പാക്കാനും അതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ആനുകൂല്യം ലഭിക്കാനുമുള്ള അവസരം ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതു സംബന്ധിച്ച് മറുപടി പറഞ്ഞപ്പോൾ ഇങ്ങനെയൊരു ഉത്തരവുള്ളതായി അറിയില്ലെന്നു ഈ സഭയിൽ പറഞ്ഞതായിട്ടാണ് എന്റെ ഓർമ്മ. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലേയും കൃഷിക്കാർക്ക് ലഭിച്ച ആനുകൂല്യം കേരളത്തിലെ കൃഷിക്കാർക്ക് മാത്രം കിട്ടാതെ പോയെങ്കിൽ, റിസർവ്വ് ബാങ്കിന്റെ ഉത്തരവുകൾ പൊതുമേഖല സ്ഥാപനങ്ങൾ, കമ്പനികൾ നടപ്പാക്കുന്നില്ലെങ്കിൽ കേരളം തന്നെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് കൊണ്ട് ഈ ആനുകൂല്യം മറ്റുള്ളവർക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെ പരിചയസമ്പന്നനായ ശ്രീ. പി.സി. ജോർജ് ഇങ്ങനെ പറയുമ്പോൾ എനിക്ക് പ്രയാസമുണ്ട്. റിസർവ്വ് ബാങ്ക് പറഞ്ഞിരിക്കുന്ന കാര്യം പബ്ലിക് സെക്ടർ ബാങ്കുകൾ നടപ്പിലാക്കിയില്ലെങ്കിൽ നടപടികൾ എടുക്കേണ്ടതു റിസർവ്വ് ബാങ്കും കേന്ദ്ര ഗവൺമെന്റുമാണ്. അല്ലാതെ സംസ്ഥാന ഗവൺമെന്റല്ല. സംസ്ഥാന ഗവൺമെന്റിനെ ഇങ്ങനെയുള്ളത് അറിയിക്കാറു പോലുമില്ല. ഞാൻ കഴിഞ്ഞ തവണ ഉത്തരം പറഞ്ഞപ്പോൾ അറിയില്ലെന്നാണ് പറഞ്ഞത്. ഈ ഗൈഡ്ലൈൻ അനുസരിച്ച് അതിനു പബ്ലിസിറ്റി കൊടുക്കേണ്ടതു ബാങ്കാണ്. ഇതിൽ തീരുമാനമെടുക്കേണ്ടതു ബാങ്കാണ്. ഇതിന്റെ പോളിസി ഫോർമുലേറ്റ് ചെയ്യേണ്ടതു ബാങ്കാണ്. ഇതൊക്കെ ആ ഗൈഡ്ലൈനിൽ പറഞ്ഞിട്ടുണ്ട്. അവരുടെ ഉത്തരവുകൾ സംസ്ഥാന ഗവൺമെന്റിനു ഏറ്റെടുക്കാൻ പാടില്ല. ഏതു ബാങ്ക് നടപ്പാക്കിയില്ല, ഏതു കേസ്സിൽ നടപ്പാക്കീയില്ല, എന്നു വ്യക്തമായി ശ്രീ. പി. സി. ജോർജ് ഗവൺമെന്റിനെ അറിയിച്ചാൽ, ഉടനെ തന്നെ അതിന്റെ വിവരങ്ങൾ കേന്ദ്രത്തിലേക്ക് അറിയിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കുന്ദംകുളം സ്വദേശി ജാക്സനെ വെട്ടി പരിക്കേൽപ്പിച്ചതു സംബന്ധിച്ച്

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, കുന്ദംകുളം മൽസ്യ മാർക്കറ്റിലെ ഐ. എൻ. ടി. യു. സി. തൊഴിലാളിയായ ശ്രീ. ജാക്സനെ ഒരു വർഷം മുമ്പ് കുന്ദംകുളം ടൗണിൽ വച്ച് പുലർച്ചെ മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയുണ്ടായി. മാസങ്ങളോളം ജാക്സൺ ആശുപത്രിയിൽ കിടക്കുകയുണ്ടായി. ലോക്കൽ പോലീസ് വളരെ ഗൗരവമായി ഈ കേസ് അന്വേഷിച്ചപ്പോൾ പ്രതികളെക്കുറിച്ച് ചില സൂചനകൾ ലഭിച്ചുവെങ്കിലും പ്രതികളെ ഇതുവരെ അറസ്റ്റു ചെയ്തിട്ടില്ല. ആവശ്യമാണെങ്കിൽ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

10.00 A.M.]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ കേസ്സിൽ കുന്ദംകുളം പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതികളിൽ ഒരാളായ നടത്തറ അകത്തെപ്പറമ്പിൽ സതീശനെ പോലീസ് അറസ്റ്റു ചെയ്തു. ഒരു പ്രതി ഗൾഫിലാണ്. മറ്റു പ്രതികൾ ഒളിവിലാണ്. അവരെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അന്വേഷണം ഊർജ്ജിതപ്പെടുത്താൻ പ്രത്യേകമായി നിർദ്ദേശം നൽകുന്നതാണ്.

(6) പന്മന ആശ്രമം ആരാധനാ കേന്ദ്രമായും ചട്ടമ്പി സ്വാമികളുടെ ജന്മദിനം അവധിയായും പ്രഖ്യാപിക്കണമെന്ന ആവശ്യം

ശ്രീ. ഷിബു ബേബിജോൺ: സർ, ശ്രീവിദ്യാധിരാജാ ചട്ടമ്പി സ്വാമികൾ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടിയ ഒരു സാമൂഹ്യ പരിഷ്കർത്താവാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ആവശ്യമായ രീതിയിൽ കേരളത്തിൽ പ്രചരിച്ചിട്ടില്ല എന്നുള്ള ദുഃഖകരമായ സത്യം നമ്മുടെ മുമ്പിലുണ്ട്. വർഗ്ഗീയതയും

LIBRARY ARCHIVES Kerala Legislative Assembly